# മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം

**തിരുവല്ല, ഫോൺ: 0469–2602907**

## പ്രസ്താവന

കോവിഡ് മഹാമാരി സൃഷ്ടിച്ച വ്യഥയുടെ മുമ്പിൽ ഭയപ്പെടാതെ സൗഖ്യദായകനായ ദൈവത്തിൽ പ്രത്യാശ കണ്ടെത്തുന്ന വിശ്വാസ സമൂഹമേ. 1924-ൽ ഡോ. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ സുവിശേഷക സംഘം 97 സംവത്സരങ്ങൾ പിന്നിടുന്നു. മദ്ധ്യസ്ഥ പ്രാർത്ഥന, തിരുവചനധ്യാനം, അനുഭവം പങ്കുവയ്ക്കൽ, ഭവന സന്ദർശനം, ആതുരസേവനം, പ്രാർത്ഥനയോഗങ്ങളുടെ നടത്തിപ്പ്, വിവിധ വിശ്വാസ സമൂഹത്തോടുള്ള സുവിശേഷവേല എന്നീ ഏഴിന പരിപാടികൾ അർത്ഥവത്തായി ചെയ്യുവാൻ സജ്ജരാകുക.

**1. ഇടവക മിഷൻ**

സംഘത്തിന്റെ അടിസ്ഥാന യൂണിറ്റാണ് ഇടവകമിഷൻ. ഓരോ ഇടവകയിലും രജിസ്റ്റർ ചെയ്ത ഒരു ഇടവകമിഷൻ ഉണ്ടായിരിക്കണം. യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് 18 വയസ്സു പൂർത്തിയാക്കിയ പുരുഷനും സ്ത്രീക്കും അംഗത്വം ലഭിക്കും. ഇടവകമിഷൻ യോഗങ്ങളിൽ തിരുവചനപഠനവും ചർച്ചയും മദ്ധ്യസ്ഥ പ്രാർത്ഥനയും പ്രാധാന്യത്തോടെ നിർവ്വഹിച്ച് അംഗങ്ങളെ ആകർഷിക്കണം. ഇടവകാതിർത്തിയിലുള്ള സാമൂഹ്യ, ആരോഗ്യ പ്രശ്നങ്ങളിൽ ഇടപെട്ട് സാക്ഷ്യം നിലനിർത്തണം. മദ്യപാനം, അധാർമ്മിക മാർഗ്ഗങ്ങളിൽ നിന്നും സംഘാംഗങ്ങൾ ഒഴിവുള്ളവരായിരിക്കണം.

**2. കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്**

1949-ൽ ആരംഭിച്ച ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ 6 മാസം, 3 മാസം, 45 ദിവസം, 20 ദിവസം എന്നീ കോഴ്സുകൾ ക്രമമായി നടന്നുവരികയായിരുന്നു. കോവിഡ് 19-നെ തുടർന്ന് ഈ കോഴ്സ് പൂർണ്ണമായി നടക്കുന്നതിന് വൈഷമ്യം നേരിട്ടു. ഇപ്പോൾ 10 പേർ താമസിച്ചു പഠിക്കുന്നു.

**സമ്മർ കോഴ്സ്:** ഏപ്രിൽ മാസം ആരംഭിക്കും. 20 ദിവസത്തെ ക്ലാസ്സിൽ ആളത്വ വികസനം, കരിയർ ഗൈഡൻസ്, ഇംഗ്ലീഷ് ഭാഷാപരിചയം, പുതിയ -പഴയനിയമം പുസ്തകങ്ങളെക്കുറിച്ച്, സഭാചരിത്രം, കൗൺസിലിംഗ് ആദിയായ കോഴ്സും പഠിപ്പിക്കുന്നതാണ്. 9,10,11,12 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

**3. പ്രസിദ്ധീകരണങ്ങൾ**

സംഘത്തിന്റെ ഔദ്യോഗിക നാവാണ് സന്ദേശം മാസിക. ഒരു വർഷത്തെ വരിസംഖ്യ 150 രൂപ. ആയുഷ്കാല വരിസംഘ്യ 1250 രൂപയും മാസികയിലൂടെ ഓരോ ആഴ്ചയിലേയും ഏവൻഗേലിയോൻ ഭാഗം അടിസ്ഥാനമാക്കിയുള്ള പ്രസംഗം ലഭിക്കുന്നതാണ്. കൂടാതെ പ്രത്യേക വിഷയത്തെ സംബന്ധിച്ച് പഠനവും ധ്യാനവും ഉണ്ടായിരിക്കും. സംഘവാർത്തകളും അറിയിപ്പുകളും ഉൾപ്പെടുത്തിയിരിക്കുന്നു. എല്ലാ അംഗങ്ങളും മാസികയുടെ വരിക്കാരാകണം. മാസിക സ്പോൺസർ ചെയ്യുന്നതിന് സെന്ററുകളും സ്ഥാപനങ്ങളും മുന്നോട്ടു വരണമേ.

**4. മുഴുരാത്രി പ്രാർത്ഥന, മദ്ധ്യസ്ഥ പ്രാർത്ഥന, ദർശന ധ്യാനം**

ഏഴിന പരിപാടിയിൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വളരെ പ്രാധാന്യമുണ്ടല്ലോ. മൂന്നാം ബുധനാഴ്ചകളിൽ രാവിലെ 10ന് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ മദ്ധ്യസ്ഥ പ്രാർത്ഥന അവസാനിക്കുന്നു. ഈ പ്രാർത്ഥന ഇടവകകൾക്കോ, സംഘടനകൾക്കോ, വ്യക്തികൾക്കോ സ്പോൺസർ ചെയ്യാവുന്നതാണ്. ആദ്യ തിങ്കളാഴ്ച വൈകിട്ട് ഏഴിന് ആരംഭിച്ച് നേരം വെളുക്കുന്നതുവരെയാണ് മുഴുരാത്രി പ്രാർത്ഥന. രണ്ടാം ചൊവ്വാഴ്ചകളിൽ ധ്യാനത്തിനുവേണ്ടി കൂടിവരുന്നു. പ്രാർത്ഥനാ വിഷയങ്ങൾ സംഘം ഓഫീസിൽ അറിയിക്കാം.

**5. ഡോ. ജോസഫ് മാർത്തോമ്മാ ധ്യാനകേന്ദ്രം**

തിരുവല്ലയുടെ ഹൃദയഭാഗത്ത് ശാന്തസുന്ദരമായി സ്ഥിതി ചെയ്യുന്നു. ധ്യാനത്തിനും താമസത്തിനും സൗകര്യപ്രദം. ക്യാമ്പ്, കോൺഫ്രൻസുകൾ, വിവിധ കൂടിവരവുകൾ എന്നിവയ്ക്ക് അനുയോജ്യമായ സ്ഥാപനമാണ്. മെസ്ഹാളിന്റെ Extension work പൂർത്തീകരിച്ചു.

**6. മിഷൻ ഫീൽഡുകൾ**

അച്ചൻകോവിൽ, കൽക്കുളം, മുക്കട, സുന്ദരപാണ്ഡ്യപുരം എന്നീ വേലസ്ഥലങ്ങളിൽ സുവിശേഷകർ കുടുംബമായി പാർത്ത് വേല ചെയ്യുന്നു. പിന്നോക്ക ആദിവാസിമേഖലകളാണ് ആരോഗ്യ, വിദ്യാഭ്യാസ ഉന്നമനത്തിന് മുൻതൂക്കം നൽകി പ്രവർത്തിക്കുന്നു. സുവിശേഷകർ പാർക്കുന്ന ഭവനങ്ങൾ വാസയോഗ്യമാക്കുവാൻ ഏവരും സഹകരിക്കുക. വേലക്കാരേയും വേല സ്ഥലങ്ങളേയും പ്രാർത്ഥനയിൽ നിരന്തരം ഓർക്കുക. തുടർ പ്രവർത്തനങ്ങൾക്ക് സ്പോൺസേഴ്സിനെ ആവശ്യമുണ്ട്. വൃക്കരോഗികളുടെ ഡയാലിസിസിനുവേണ്ടി സംഭാവന സ്വീകരിക്കുന്നതിനും പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്.

**7. ഗോസ്പൽ ടീം**

ഇടവക, സെന്റർ, ഭദ്രാസനതലത്തിൽ കൺവൻഷൻ യോഗങ്ങൾ, ധ്യാനയോഗങ്ങൾ, ഉണർവ്വുയോഗങ്ങൾ, മുഴുരാത്രി പ്രാർത്ഥന എന്നിവ ക്രമീകരിച്ച് അനുഗ്രഹകരമായി നടത്തുന്നു.

**സാമ്പത്തികം**: സംഘദിന സ്തോത്രകാഴ്ച ഒക്ടോബർ 3-ന് ആണല്ലോ. സാമ്പത്തിക പ്രതിസന്ധി ലോകം മുഴുവൻ ബാധിച്ചിരിക്കുന്ന സന്ദർഭത്തിൽ പ്രാർത്ഥനാപൂർവ്വമായ സഹകരണം ഏവരിൽ നിന്നും പ്രതീക്ഷിക്കുന്നു.

സംഘവാര പരിപാടികളുടെ വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണം. സംഘദിന ആരാധനയും വചനശുശ്രൂഷയും സുവിശേഷ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതാകട്ടെ.

ആശംസകളോടെ

**റവ. മാത്യു ജോൺ** (ജനറൽ സെക്രട്ടറി)

---

*പ്രസംഗക കുറിപ്പ്*

## ദൗത്യം: മഹാനിയോഗത്തിന്റെ ഉൾപൊരുൾ

**മത്തായി 28: 16 – 20**

**ആമുഖം**

കടുത്ത നിരാശയുടെ ഒരു കാലഘട്ടത്തെയാണ് നാം ഇന്ന് അഭിമുഖീകരിക്കുന്നത്. കോറോണ സൃഷ്ടിച്ച ആരോഗ്യ-സാമ്പത്തിക പ്രതിസന്ധി മാനവരാശിയെ ഒരു നിലയില്ലാകയത്തിലാണ് എത്തിച്ചിരിക്കുന്നത്. ഒരു മോചനം എന്നു സാദ്ധ്യമാകും എന്ന് പ്രത്യാശിക്കാൻ പോലും കഴിയാത്തവിധം കാര്യങ്ങൾ കുഴഞ്ഞു മറിയുകയാണ്. നൂറ്റാണ്ടുകളായി അനുവർത്തിച്ചുപോന്ന ശീലങ്ങൾ അർത്ഥരഹിതമാകുകയും പുതിയ രീതി ബോധത്തിലേക്ക് മാറുവാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്നു. നമ്മെയെല്ലാം വരിഞ്ഞു മുറുക്കുന്ന കലുഷിതമായ ഈ വർത്തമാന കാലത്തെ സത്യസന്ധമായി അഭിമുഖീകരിക്കാനുള്ള ആന്തരിക പ്രേരണയാണ് ഇന്നാവശ്യം. തിരുവചനം നിരന്തരം നമ്മെ ഓർമ്മപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങളിലേക്ക് മനസ് തിരിക്കാൻ കഴിയണം. അതായത് പ്രത്യാശമാത്രം വിരിഞ്ഞു നില്ക്കുന്ന സുന്ദര പ്രപഞ്ചത്തിലൂടെ മാത്രമല്ല നാം എപ്പോഴും യാത്ര ചെയ്യുന്നത്. മരണത്തിന്റെയും-ജീവന്റെയും, നിരാശയുടെയും-പ്രത്യാശയുടെയും സംഗമസ്ഥാനത്താണ് നാം നില്ക്കുന്നത്. പ്രത്യാശയും പ്രത്യാശയില്ലായ്മയും നമ്മുടെ ജീവിതത്തിലുടനീളം ചുറ്റിപ്പിണഞ്ഞ് കിടക്കുകയാണ്. എന്നാൽ പ്രതീക്ഷിക്കാൻ വകയില്ലായെന്ന് നാം കരുതുന്ന സാഹചര്യങ്ങളിൽതന്നെ പ്രത്യാശ പൊട്ടിമുളയ്ക്കുമെന്ന നിശ്ചയമാണ് കർത്താവിന്റെ ഉത്ഥാന ചിന്ത നമുക്ക് തരുന്നത്. മാനവരാശിയെ കീഴടക്കുന്ന ഏതു മഹാമാരിയെയും അതിജീവിച്ച് മുന്നോട്ടു പോകാനുള്ള സാദ്ധ്യതയാണ് ദൈവം ക്രിസ്തുവിലൂടെ നമ്മിൽ നിക്ഷേപിച്ചിരിക്കുന്നത്. ഓരോ ബൈബിൾ പഠനവും അതിലേക്കുള്ള പ്രവേശനകവാടമാണ്.

**പാഠവിചിന്തനം**

വിശുദ്ധ മത്തായിയുടെ സുവിശേഷം 28:16-20 വരെയുള്ള വിവരണമാണ് നമ്മുടെ വേദ പഠനത്തിനാധാരം. ഉത്ഥിതനായ ക്രിസ്തു തന്റെ തുടർ പ്രതീക്ഷകൾ ശിഷ്യഗണവുമായി പങ്കുവെയ്ക്കുന്ന ഹൃദയസ്പർശിയായ ഒരു രംഗമാണ് അതിലെ ഉള്ളടക്കം. ക്രിസ്തുവിന്റെ **മഹത്തായ നിയോഗം** (Great commission) എന്ന പേരിൽ അറിയപ്പെടുന്ന ഈ ഭാഗത്ത് ക്രിസ്തുവിന്റെ ശബ്ദം, നിയോഗം, വാഗ്ദത്തം, സാന്നിദ്ധ്യം എല്ലാം 18 മുതൽ 20 വരെ ഉള്ള മൂന്നു വാക്യങ്ങളിലായി സംഗ്രഹിച്ചിരിക്കുന്നു. ഒരു തലമുറയ്ക്ക് മാത്രമല്ല എല്ലാക്കാലത്തേയ്ക്കുമുള്ള ശിഷ്യകൂട്ടായ്മയുടെ ഉൾപ്പൊരുളാണ് യേശു പങ്കുവെയ്ക്കുന്നത്.

**ശിഷ്യരും ഗലീലയും (വാ.16)**

ഉത്ഥിതനായ ക്രിസ്തു പ്രത്യേകമായി നൽകുന്ന നിർദ്ദേശപ്രകാരമാണ് 11 ശിഷ്യന്മാർ ഗലീലയിൽ എത്തുന്നത്. അവിടെ വെച്ചാണ് അവർ ഉയിർപ്പിനെ ദർശിക്കുന്നത്. മത്തായിയുടെ സുവിശേഷത്തിൽ **ഗലീലയ്ക്ക്** സവിശേഷ പ്രാധാന്യം ഉണ്ട്. യേശു തന്റെ ഹൃദയത്തോട് ചേർത്തുവെച്ച ഭൂമികയായിട്ടാണ് ഗലീലയെ കാണുന്നത്. യോഹന്നാൻ തടവിലായി എന്ന് കേട്ടപ്പോൾ യേശു ഗലീലയിലേക്ക് വാങ്ങിപ്പോയി (4:12) എന്നു പറഞ്ഞുകൊണ്ടാണ് മത്തായി യേശുവിന്റെ ചരിത്ര രചന ആരംഭിക്കുന്നത്. 28-ാംഅദ്ധ്യായ ത്തിൽ ഗലീലയിൽ പ്രത്യക്ഷനാകുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ കഥ പറഞ്ഞാണ് അനുപമമായ ദൈവിക സംഭവങ്ങളുടെ വൃത്തം മത്തായി പൂർത്തിയാക്കുന്നത്. ഇന്ന് നമ്മെ സംബന്ധിച്ച് ഗലീല കേവലം ഒരു ഭൂപ്രദേശമല്ല മറിച്ച് പ്രതീകാത്മക അർത്ഥം ഉൾക്കൊള്ളുന്ന സാർവ്വലൗകിക ഭാഷയാണ്. ക്ലേശിക്കുകയും ഭാരംചുമക്കുകയും അവഗണിക്കപ്പെടുകയും ദരിദ്രമാക്കപ്പെടുകയുംചെയ്യുന്ന എല്ലാ ജനതകളുടെയും പൊതു നാമമാണ് ഗലീല. അവിടെയാണ് ആദ്യ ശിഷ്യർ ക്രിസ്തുവിനെ ദർശിച്ചത്, അവിടെയാണ് ഉയിർപ്പിന്റെ പ്രഭ ആദ്യം വിടർന്നത്. തന്റെ ശിഷ്യഗണത്തിലെ എല്ലാ തലമുറകളും നിർവഹിക്കേണ്ട നിയോഗ ശുശ്രൂഷയുടെ സ്വഭാവം എന്തായിരിക്കണമെന്ന് ഗലീലയുടെ മണ്ണിൽ ചവട്ടിനിന്നുകൊണ്ട് ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുകയാണ്. മത്തായിയുടെ സുവിശേഷം **ചെറിയവരുടെ പ്രധാന്യം** എടുത്തു പറയുന്നുണ്ട്. ദൈവത്തിന്റെ രക്ഷാ ചരിത്രത്തിൽ ദൗത്യത്തിന്റെ കർത്താക്കൾ എന്ന നിലയ്ക്ക് അവർക്ക് പ്രത്യേക മുൻഗ ണനയുണ്ട്. ചെറിയവരിൽ ദരിദ്രരും (5:3; 11:5; 19:21) കുട്ടികളും (18:5;19:14-15) ഖിന്നരും നരകയാതന അനു ഭവിക്കുന്നവരും (11:2-8) എറ്റവു താഴെക്കിടയിലുള്ളവരും (25:40-45)മറ്റും ഉൾപ്പെടുന്നു. സമൃദ്ധിയിലും സുഖ ലോലുപതയിലും കഴിയുന്ന നമുക്ക് ഒരു വെല്ലുവിളിയാണ്. ചാരിറ്റി ചെയ്യാം എന്നല്ലാതെ അവർക്ക് സുവി ശേഷം ആവശ്യപ്പെടുന്ന കൂട്ടായ്മ നൽകാൻ കഴിയുമോ എന്നതാണ് പ്രശ്നം. ഇവിടെ നാം തിരിച്ചറി യേണ്ട ഒരു വസ്തുത. **ഗലീലകളുടെ സാന്നിദ്ധ്യം നമ്മുടെ ഇടയിൽ വർദ്ധിക്കുകയാണ്**. എല്ലാവിധ ത്തിലും ക്ലേശിക്കപ്പെടുന്നവരുടെ ഒരു നിര. ഈ മഹാമാരിയുടെ കാലം ആ നിരയിലേക്ക് കൂടുതൽ ആളു കൾ ചേർക്കപ്പെടുകയാണ്. അവിടെ നമ്മുടെ സാന്നിദ്ധ്യം ഉറപ്പുവരുത്താനാണ് ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാരെ അവിടേയ്ക്ക് അയക്കുന്നത്.

**സകല അധികാരവും (വ.18)**

ഗലീലയുടെ മണ്ണിൽ നിന്നുകൊണ്ട് നിയോഗ ശുശ്രൂഷ നിർവഹിക്കുന്ന ഉത്ഥിതനായ ക്രിസ്തു തന്റെ ആധികാരികത (authority) നിർഭയ മനസ്സോടേ വെളിപ്പടുത്തുകയാണ്. **സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു** (വാ.18). താൻ കടന്നു പോയ മരണത്തിന്റെയും ഉയർപ്പി ന്റെയും അവബോധത്തിൽ നിന്നുകൊണ്ടാണ് യേശു ഇത് പറയുന്നത്. തന്റെ പരസ്യ ശുശ്രൂഷ വേള യിലും അധികാരത്തിന്റെ ഈ അവബോധം നിരവധി തവണ വെളിപ്പെടുത്തുന്നുണ്ട് (7:29;9:2-8;21:23-28) ഇവിടെ പരാമർശിക്കുന്ന **അധികാരം** എന്ന വാക്കിൽ നാം ചഞ്ചല ചിത്തരാകരുത്. ഭൗതിക സങ്കല്പ്പ ത്തിൽ പൊതിഞ്ഞ അധികാരത്തെക്കുറിച്ചല്ല യേശു പറയുന്നത്. അത് പിടിച്ചടക്കുന്ന കീഴ്പ്പെടുന്ന അധി കാരമാണ്. പീലാത്തോസിന്റെ വിസ്താര വേളയിൽ അത്തരം ആശങ്കകൾക്ക് യേശു പൂർണ്ണ വിരാമമിട്ടതാ ണ്. യേശു ഒരിക്കലും തന്റെ ഉണ്മയെ സ്വന്ത നേട്ടത്തിനായി ഉപയോഗിച്ചിട്ടില്ല. വിശുദ്ധ പൗലൊസ് ഇതിന്റെ പൊരുൾ ഭംഗിയായി വിശദീകരിക്കുന്നുണ്ട്. *അവൻ ദൈവ രുപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരുപമെടുത്ത് മനഷ്യഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളംഅനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ എറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി* (ഫിലി.2:6-9). മുകളിൽ നിന്നും താഴെക്ക് ഇറങ്ങുന്ന അവ രോഹണ ക്രമമാണ് പൗലോസ് ക്രിസ്തുവിൽ ദർശിക്കുന്നത്. ക്രൂശിലെ മരണത്തോളം പ്രകടിപ്പിച്ച അനു സരണമാണ് ഈ അധികാരത്തിന് നിദാനം .ഇന്നത്തെ മതവും സംസ്കാരവും ചേർന്ന് രുപപ്പെടുത്തി നൽകിയ ക്രിസ്തുരൂപത്തെയല്ല നാം പിൻപറ്റേണ്ടത്. മറിച്ച് ക്രൂശിക്കപ്പെട്ട മുറിവേറ്റ ക്രിസ്തു, മനുഷ്യരുടെ തീവ്രമായ വേദനകളിൽ സന്നിഹിതമാകുന്ന ക്രിസ്തു. അതായിരിക്കണം നമ്മുടെ മാതൃക. **മുകളിരുന്നു ഭരിക്കുകയല്ല, മറിച്ച് ദൈവം നമ്മോടുകൂടെ എന്നതാണ് ക്രിസ്തു ദൗത്യത്തിന്റെ കാതൽ** ബോൺഹോ ഫർ നമ്മുടെ നിയോഗവഴിയുടെ സ്വഭാവം വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ് - *ജീവിതത്തിലെ ഉത്തര വാദിത്തങ്ങളുടെ, പ്രശ്നങ്ങളുടെ, ജയാപചയങ്ങളുടെ, അങ്കലാപ്പുകളുടെ എല്ലാം മദ്ധ്യേദൈവകരങ്ങളി ലേക്ക് സ്വയം എറിഞ്ഞുകൊടുക്കമ്പോൾ; അപ്പോഴാണ് ഗത്സമനയിലെ ക്രിസ്തുവിനോടൊപ്പം ഉണ്ടായി രിക്കുന്നത്. അതാണ് യഥാർത്ഥ വിശ്വാസം.* പിതാവിന്റെ കരങ്ങളിലേക്ക് സ്വയം എറിഞ്ഞുകൊടുത്ത ക്രിസ്തു വാണ് ആ വഴിയിലുടെയുള്ള യാത്രയ്ക്കായി നമ്മെയും നിയോഗിക്കുന്നത്. **സുവിശേഷം ഏതു രീതി യിൽ പ്രയോഗിക്കപ്പെടുമ്പോഴും അധികാരം സ്നേഹത്തിന്റെ താഴെയേ നിലകൊള്ളാവു എന്ന സുവി ശേഷ സത്യം വിസ്മരിക്കരുത്.** ആ നിയോഗത്തിന്റെ ആന്തരീക പ്രഭയാണ് നമ്മെ ജ്വലിപ്പിക്കേണ്ടത്. ഗലീലയുടെ മലമുകളിൽ നിന്നുകൊണ്ട് ശിഷ്യന്മാർക്ക് നിയോഗം നൽകുമ്പോൾ സ്വർഗത്തിന്റെയും ഭൂമി യുടെയും ആശീർവാദം ക്രിസ്തുവിലുടെ ചൊരിയപ്പെടുകയാണ്.

**ആകയാൽ നിങ്ങൾ പുറപ്പെട്ട് (19-20)**

വ്യാപകമായ പഠനത്തിനും സ്വാംശീകരണത്തിനും വിധേയമായ ഒരു ഭാഗമാണിത് (28:19-20) ആധുനിക ദൗത്യ മാതൃകകൾ രുപപ്പടുന്നതിൽ നിർണ്ണായകമായ പങ്ക് ഈ ഭാഗത്തിനുണ്ട്. കൂരിശ് യുദ്ധത്തിനുള്ള കല്പനയായും ഇതിനെ മനസ്സിലാക്കിയവരുണ്ട്. **ഈ വേദഭാഗത്തെ എങ്ങനെയാണ് നാം സമീപിക്കേണ്ടത്?.** ദൗത്യ വിചാരത്തിന്റെ എക മാതൃകയായിട്ടല്ല മത്തായി ഈ മാതൃക മുന്നോട്ടുവെയ്ക്കുന്നത്. ദൗത്യത്തിന്റെ എണ്ണമറ്റ വിധങ്ങൾ മത്തായി തന്റെ രചനയിൽ നിരത്തുന്നുണ്ട്. അവയെല്ലാം ചേർത്തുവെച്ച് ഈ ഭാഗത്തെ മനസ്സിലാക്കാൻ നമുക്ക് കഴിയണം. അപ്പോഴാണ് ദൗത്യം സംബന്ധിച്ച് ഒരു സമഗ്ര ചിന്ത മനസ്സിൽ തെളിയുന്നത്. ദൗത്യത്തിന്റെ വ്യത്യസ്ത വിചാരങ്ങൾ മത്തായി പങ്കുവെയ്ക്കുന്നുണ്ട്.

**1.** തന്റെ കാലത്ത് നിലനിന്നിരുന്ന മതാത്മകതയിൽ ക്രിയാത്മക മുല്യമുള്ളതായി തോന്നിപ്പിക്കുന്ന ചിന്തകൾ മത്തായി പങ്കുവെയ്ക്കുന്നുണ്ട്. ഉദാഹരണത്തിന് പൗരസ്ത്യ വിദ്വാന്മാർക്ക് നക്ഷത്രത്തിലുടെ ലഭിക്കുന്ന ദർശനവും അത് അവരെ ബേത്‌ലഹേമിൽ എത്തിക്കുന്നതുമായ അനുഭവവും മത്തായി രേഖപ്പെടുത്തുന്നുണ്ട്. (2:1-12), ദൈവജനത്തെ ലജ്ജിപ്പിച്ച വിശ്വാസം ശതാധിപർക്ക് നേരത്തതന്നെ ഉണ്ടായിരുന്നതായി മത്തായി സൂചിപ്പിക്കുന്നുണ്ട് (8:5-13) സുവിശേഷ പ്രവർത്തനം പുറത്തു പോയി ചെയ്യുന്ന ഒന്നായി കാണാതെ അന്വേഷകരായി കേന്ദ്രത്തിലേക്ക് വരുന്ന ഒന്നായിട്ടാണ് മത്തായി ദൗത്യത്തെ ഈ ഭാഗത്ത് കാണുന്നത് (12: 42; 15:21-28)

**2.** ദൗത്യത്തെ സാക്ഷ്യം എന്ന നിലയിൽ കാണുന്ന ഭാഗങ്ങൾ തന്റെ രചനയിലുണ്ട്. നിങ്ങൾ ഭൂമിയുടെ ഉപ്പ്, ലോകത്തിന്റെ വെളിച്ചം മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല (5:13-16) തുടങ്ങിയ വചനങ്ങൾ വ്യക്തി ജീവിതത്തിൽ ഉയർത്തിപ്പിടിക്കേണ്ട സാക്ഷ്യത്തിന്റെ മാനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

**3.** ദൗത്യത്തിന്റെ മറ്റൊരു രീതി പ്രത്യേകം ശ്രദ്ധേയമാണ്. യേശുവും ശിഷ്യന്മാരും ഏതൊന്നിന്റെ ഭാഗമാണോ ആ സമൂദായത്തിനും സംസ്കാരത്തിനും സമൂഹത്തിനുമാണ് ദൗത്യം. മത്തായി 10-ലെ അയക്കലിൽ നാം ഇതാണ് കാണുന്നത്. *ജാതികളുടെ അടുക്കൽ പോകാതെയും ശമര്യാ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ* (10:5-6; 15:24) ഈ വൈരുദ്ധ്യവും മത്തായിയുടെ രചനയിൽ പ്രകടമാണ്. ഇതര സംസ്കാരങ്ങൾക്കു വേണ്ടിയാണ് ദൗത്യം എന്നു പറയുന്ന 28-ാം അദ്ധ്യായത്തിൽ നിന്നും വിഭിന്നമാണ് ഈ രീതി. നിർവഹിക്കുന്നയാളിന്റെ അഭിവാഞ്ചകളല്ല മറിച്ച് അയാൾ ആർക്കിടയിലേക്കാണോ അയക്കപ്പെട്ടത് ആ ജനതയുടെ ആവശ്യം വേണം ദൗത്യത്തിന്റെ സ്ഥാനം നിർണയിക്കുക.

**1.** യേശുവിന്റെ പ്രബോധനങ്ങളിൽ ഊന്നിയ **ശിഷ്യത്വ സമൂഹത്തെ** വളർത്തിയെടുക്കുകയെന്ന നിയോഗമാണ് ഒന്നാമത്തേത്. അതിനു അതിരുകൾ ഇല്ല. **അംഗങ്ങളുടെ പെരുപ്പമല്ല ശിഷ്യത്വത്തിന്റെ ഗുണമേന്മയാണ്** ഇവിടെ ലക്ഷ്യമാക്കുന്നത്. അതിവേഗം ആഗേളവൽക്കരിക്കപ്പെടുയും മനുഷ്യാളത്തങ്ങൾ ശിഥിലീക്കരിക്കപ്പടുകയും ചെയ്യുന്ന വർത്തമാനകലം യേശുവിനെ കൂടുതലായി ആഗ്രഹിക്കുന്നു. അതിനെ ഭൂമിയുടെ അറ്റത്തോളം നൽകാനുള്ള നിയോഗമാണ് ഒരോ ശിഷ്യനുമുള്ളത്. ശിഷ്യർ തങ്ങളുടെ സ്വന്തം കഴിവുകളെക്കുറിച്ചോ കഷ്ടപ്പാടുകളെക്കുറിച്ചോ പ്രതിഫലത്തെക്കുറിച്ചോ ചിന്തിക്കരുത് അവരുടെ പ്രയന്തങ്ങളുടെ ലക്ഷ്യമായ മനുഷ്യരാശിയുടെ രക്ഷ എന്ന ചിന്തയയായിരക്കണം തങ്ങളെ ഭരിക്കേണ്ടത്.

2 ത്രിത്വകൂട്ടായ്മയുടെ മാതൃകയിൽ **ബദൽ സമൂഹമായി** ചരിത്ര മധ്യത്തിൽ നിലകൊള്ളുവാനുള്ള നിയോഗമാണ് രണ്ടാമത്തേത്. ദൈവം ക്രിസ്തുവിൽ അടയാളപ്പടുത്തിയ ത്രിത്വകൂട്ടായ്മയുടെ പതിപ്പാണ് ചരിത്രത്തിൽ സഭ. ഏറിവരുന്ന വിഭജനങ്ങളുടെ നടുവിൽ പരസ്പര ബന്ധത്തിന്റെ അടയാളങ്ങളായി നിൽക്കാനുള്ള സന്നദ്ധതയാണ് നമ്മിൽ വളരേണ്ടത്. രണ്ടായിരത്തിൽപരം വർഷങ്ങൾക്കു മുമ്പ് ക്രിസ്തു നൽകിയ ഈ മഹാനിയോഗത്തിന്റെ കാലികമായ ദൂത് ഉൾക്കൊള്ളാനുള്ള സന്നദ്ധ നമ്മിൽ വളരണം. സുവിശേഷ നിയോഗം ദൈവം സഭയുടെ മേൽ കെട്ടിവച്ച ഒരു ഭാരമല്ല മറിച്ച് വിശ്വസ്തയായ സഭയ്ക്ക് നൽകിയ ദാനമാണ്. ദൗത്യത്തിന്റെ പ്രഥമ പ്രവർത്തകൻ പരിശുദ്ധാത്മാവാണ്, നമുക്ക് രണ്ടാം സ്ഥാനമേയുള്ളു.

ഒരോ കാലഘട്ടവും വ്യത്യസ്തമാണ്. വർത്തമാന കാല സമ്മർദ്ദങ്ങൾ തിരിച്ചറിഞ്ഞ് സംഗതമായ ദൗത്യമാതൃകകൾ ആവിഷ്ക്കരിക്കാനുള്ള വൈവിധ്യത്തിന്റെ സ്വാതന്ത്ര്യം സുവിശേഷം നമുക്കു തരുന്നുണ്ട്. വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത ജനങ്ങളോട് സുവിശേഷമറിയിക്കാൻ എറ്റവും നന്നെന്നു തങ്ങൾ കരുതുന്ന മാർഗ്ഗം അവലംബിക്കാൻ സഭകൾക്ക് സ്വാതന്ത്ര്യം ഉണ്ട്. അതു തിരിച്ചറിഞ്ഞ് സംഗതമായതിനെ പ്രായോഗികമാക്കാനുള്ള സന്നദ്ധതയാണ് ഈ കാലം നമ്മിൽ നിന്നും ആവശ്യപ്പെടുന്നത്.

**റവ. ഉമ്മൻ വി. വർക്കി**